2026
SEPTEMBER
01
TUESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



# ലഖ്നൗ കന്റോൺമെന്റിൽ 100 കോടിയിലധികം രൂപയുടെ 14 പദ്ധതികൾക്ക് തറക്കല്ലിട്ടു

**ലഖ്നൗ:** കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചേർന്ന് ലഖ്നൗ കന്റോൺമെന്റിൽ 100 കോടിയിലധികം രൂപ ചെലവ് വരുന്ന 14 വികസന പദ്ധതികൾക്ക് തറക്കല്ലിട്ടു. കന്റോൺമെന്റ് ബോർഡിന്റെ നേതൃത്വത്തിലുള്ള 12 പദ്ധതികളും സംസ്ഥാന സർക്കാരുമായി സഹകരിച്ചുള്ള രണ്ട് പദ്ധതികളുമാണ് ഇതിൽ ഉൾപ്പെടുന്നത്. അക അധിഷ്ഠിത ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സ്പോർട്സ് കോംപ്ലക്സ്, ആധുനിക ശ്മശാനം, റോബോട്ടിക് കാർ പാർക്കിംഗ്, ജലസംഭരണി, ടഇഅഉഅ സംവിധാനമുള്ള ജലവിതരണ പദ്ധതികൾ, ഭിന്നശേഷിക്കാരായ കുട്ടികൾക്കായുള്ള പ്രത്യേക സ്കൂൾ, സ്കൂളുകളിലെ അധിക ക്ലാസ് മുറികൾ തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ. ആർ.എ. ബസാർ സിറ്റി പോളിക്ലിനിക്കും മുഖ്യമന്ത്രിയുടെ അഭ്യുദയ കോച്ചിംഗ് സെന്ററും സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ നടപ്പാക്കും.

ചടങ്ങിൽ സംസാരിച്ച രാജ്നാഥ് സിംഗ്, കന്റോൺമെന്റിന്റെ വികസനം ലഖ്നൗവിന്റെ സമഗ്ര വളർച്ചയ്ക്ക് സഹായകമാകുമെന്ന് പറഞ്ഞു. 2047ഓടെ 'വികസിത് ഭാരത്' എന്ന ലക്ഷ്യം കൈവരിക്കുന്നതിന് അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം ഗുണമേന്മയുള്ള വിദ്യാഭ്യാസം, ശുദ്ധജല ലഭ്യത, യുവജന ശാക്തീകരണം, ഭിന്നശേഷിക്കാർക്കുള്ള പിന്തുണ എന്നിവയും അനിവാര്യമാണെന്ന് അദ്ദേഹം വ്യക്തമാക്കി. ചടങ്ങിനോടനുബന്ധിച്ച് കന്റോൺമെന്റിലെ നിരവധി പഴയ മാർക്കറ്റുകൾക്ക് ദേശീയ നേതാക്കളുടെ പേരുകൾ നൽകി പുനർനാമകരണം ചെയ്തു. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'മൻ കി ബാത്ത്' പരിപാടി കേൾക്കുന്നതിനായി സംഘടിപ്പിച്ച സംഗമത്തിൽ ഏകദേശം 4,000 പൗരന്മാരും പങ്കെടുത്തു.

# പുരപ്പുറ സോളർ: 66 വെൻഡർമാർക്ക് കേന്ദ്രത്തിന്റെ വിലക്ക്

**ന്യൂദൽഹി:** പ്രധാനമന്ത്രി സൂര്യഭവനം സൗരോർജ പദ്ധതിയിൽ ഉപഭോക്താക്കളിൽനിന്ന് അപേക്ഷ സ്വീകരിച്ച ശേഷം സമയബന്ധിതമായി സോളർ സംവിധാനം സ്ഥാപിക്കാത്ത വെൻഡർമാർക്കെതിരെ നടപടി.

ഇത്തരത്തിലുള്ള 66 വെൻഡർമാരെ ഒരു മാസത്തേക്കു പദ്ധതിയുടെ പോർട്ടലിൽനിന്നു വിലക്കിയതായി കേന്ദ്ര പുനരുപയോഗ ഊർജമന്ത്രാലയം അറിയിച്ചു. ഇൻസ്റ്റലേഷനുകൾ നടത്താൻ സംവിധാനമില്ലാതെ അപേക്ഷകൾ കൂട്ടത്തോടെ കൈവശം വയ്ക്കുന്ന രീതി വ്യാപകമാകുന്നതായി മന്ത്രാലയം വിലയിരുത്തി. വെൻഡർമാർക്ക് പുതിയ അപേക്ഷകൾ സ്വീകരിക്കാനാവില്ല. ഇതിനകം ലഭിച്ച അപേക്ഷകളിലെ ഇൻസ്റ്റലേഷൻ പൂർത്തിയാക്കുന്നതിനായി പോർട്ടൽ ആക്സസ് തുടരും. നടപടി നേരിട്ട വെൻഡർമാർക്ക് കുടിശിക തീർക്കാൻ 30 ദിവസമാണ് അനുവദിച്ചിരിക്കുന്നത്. പിഎം സൂര്യഭവനം പദ്ധതിയുടെ കാലാവധി അവസാനിക്കാൻ 9 മാസമാണ് ഇനി ബാക്കി. കൃത്യമായ കാരണമില്ലാതെ അപേക്ഷകൾ 60 ദിവസത്തിൽ കൂടുതൽ കൈവശം വയ്ക്കരുതെന്നും നിർദേശമുണ്ട്. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കേരളത്തിൽ നിന്ന് പദ്ധതിയിലേക്കായി ആകെ ലഭിച്ച അപേക്ഷകൾ 4.36 ലക്ഷമാണ്. 3.37 ലക്ഷം വീടുകളിൽ പുരപ്പുറ സോളർ സ്ഥാപിച്ചു. ഇതിൽനിന്നുള്ള ഉൽപാദനശേഷി 1282.27 മെഗാവാട്ട്. സബ്സിഡിയായി 2223.81 കോടിയും കേരളത്തിലെ ഉപഭോക്താക്കൾക്ക് ലഭിച്ചു.

പിഎം സൂര്യ ഘർ മുഫ്ത് ബിജ്ലി യോജന പ്രകാരം 3 വിഭാഗങ്ങളിലായാണ് ഉപഭോക്താക്കൾക്ക് സബ്സിഡി ലഭിക്കുക. ഒരു കിലോവാട്ട് സോളർ സിസ്റ്റം വയ്ക്കുന്നവർക്ക് 30,000 രൂപവരെ. 2 കിലോവാട്ടിന് 60,000 രൂപവരെ. 3 കിലോവാട്ടിന് പരമാവധി 78,000 രൂപ.



# യുവാക്കൾ തൊഴിൽ സൃഷ്ടാക്കളും മാറ്റത്തിന് ചാലകശക്തികളുമാകണം: രാജ്നാഥ് സിംഗ്

**ലഖ്നൗ:** അറിവ് നേടുകയും ഭരണഘടനാപരമായ മാർഗങ്ങളിലൂടെ അനീതിയെ ചോദ്യം ചെയ്യുകയും ജനാധിപത്യ രീതികളിലൂടെ സാമൂഹിക മാറ്റത്തിന് നേതൃത്വം നൽകുകയും ചെയ്യണമെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് യുവാക്കളോട് ആഹ്വാനം ചെയ്തു. ഓഗസ്റ്റ് 29ന് ഉത്തർപ്രദേശിലെ ലഖ്നൗവിലുള്ള ബാബാസാഹേബ് ഭീംറാവു അംബേദ്കർ സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഡോ. ബി.ആർ. അംബേദ്കറുടെ 'Educate, Agitate and Organise' എന്ന സന്ദേശം അറിവ് നേടുക, അക്രമത്തിലൂടെയല്ല ഭരണഘടനാപരമായ മാർഗങ്ങളിലൂടെ അനീതിയെ ചോദ്യം ചെയ്യുക, ജനാധിപത്യ രീതിയിൽ മാറ്റത്തിനായി ഒരുമിക്കുക എന്നതാണെന്ന് രാജ്നാഥ് സിംഗ് പറഞ്ഞു. സാമൂഹികവും സാമ്പത്തികവുമായ ലക്ഷ്യങ്ങൾ ഭരണഘടനാപരമായ മാർഗങ്ങളിലൂടെയാണ് കൈവരിക്കേണ്ടതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

യുവാക്കൾ ജോലി തേടുന്നവരായി മാത്രം ഒതുങ്ങാതെ തൊഴിൽ സൃഷ്ടിക്കുന്നവരും പ്രശ്നപരിഹാരകരും സമൂഹത്തിൽ ഗുണപരമായ മാറ്റത്തിന് നേതൃത്വം നൽകുന്നവരുമായി മാറണമെന്ന് അദ്ദേഹം പറഞ്ഞു. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക ലോകത്ത് തുടർച്ചയായി പുതിയ അറിവും കഴിവുകളും നേടേണ്ടതിന്റെ പ്രാധാന്യവും അദ്ദേഹം വ്യക്തമാക്കി. വ്യക്തിഗത നേട്ടങ്ങൾക്കപ്പുറം രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുകയും 2047ലെ 'വികസിത് ഭാരത്' ലക്ഷ്യത്തിനായി 'ടീം ഇന്ത്യ'യുടെ ഭാഗമായി ഒരുമിച്ച് പ്രവർത്തിക്കുകയും വേണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

കഴിഞ്ഞ ഒരു ദശകത്തിനിടെ ഗവേഷണം, സ്റ്റാർട്ടപ്പുകൾ, സെമികണ്ടക്ടർ നിർമാണം, ഡിജിറ്റൽ അടിസ്ഥാന സൗകര്യം, ബഹിരാകാശ മേഖല തുടങ്ങിയ രംഗങ്ങളിൽ ഇന്ത്യ വലിയ മുന്നേറ്റം കൈവരിച്ചതായി രാജ്നാഥ് സിംഗ് പറഞ്ഞു. ഗവേഷണവികസന മേഖലയിലെ ചെലവ് ഇരട്ടിയായതും ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കിയതും ഇന്ത്യയുടെ നവീകരണ ശേഷി വർധിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. യുവാക്കൾക്ക് പരീക്ഷിക്കാനും നവീകരിക്കാനും പുതിയ ആശയങ്ങൾ വികസിപ്പിക്കാനും സമൂഹത്തിന് പ്രയോജനകരമായ പരിഹാരങ്ങൾ സൃഷ്ടിക്കാനും കഴിയുന്ന അന്തരീക്ഷം സർക്കാർ തുടർന്നും ഒരുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യയുടെ സംസ്കാരം, നാഗരികത, പൈതൃകം എന്നിവയിൽ യുവാക്കൾ അഭിമാനം കൊള്ളണമെന്നും രാജ്നാഥ് സിംഗ് പറഞ്ഞു. സാമ്പത്തിക ശക്തി ഒരു രാജ്യത്തെ സമ്പന്നമാക്കുമ്പോൾ സാംസ്കാരിക ആത്മവിശ്വാസമാണ് അതിനെ മഹത്തരമാക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. 'മേക് ഇൻ ഇന്ത്യ'യുടെ വിജയത്തിന് പിന്നിൽ 'ഇന്ത്യയിൽ വിശ്വസിക്കുക' എന്ന ആത്മവിശ്വാസമാണെന്നും അദ്ദേഹം പറഞ്ഞു.

ഉത്തർപ്രദേശ് ഉപമുഖ്യമന്ത്രി ബ്രജേഷ് പഥക്, ബാബാസാഹേബ് ഭീംറാവു അംബേദ്കർ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. രാജ് കുമാർ മിത്തൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.




# എഐ ഭീഷണിക്കെതിരേ ടെക് ഭീമൻമാർ ഒന്നിക്കുന്നു

**സാൻഫ്രാൻസിസ്കോ:** ആർട്ടിഫിഷൽ ഇൻറലിജൻസ് സാങ്കേതികവിദ്യ കരുത്താർജിക്കുന്ന പശ്ചാത്തലത്തിൽ, വർധിച്ചുവരുന്ന സൈബർ ഭീഷണികളെ നേരിടാൻ സുരക്ഷാ പ്രതിരോധ സംവിധാനങ്ങൾ ശക്തമാക്കണമെന്ന ആവശ്യവുമായി പ്രമുഖ ടെക് ഭീമന്മാർ രംഗത്ത്. ഗൂഗിൾ, മൈക്രോസോഫ്റ്റ്, ഓപ്പൺഎഐ എന്നിവരുൾപ്പെടെ നൂറിലധികം മുൻനിര സാങ്കേതിക കമ്പനികളാണ് സൈബർ പ്രതിരോധം മെച്ചപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സംയുക്ത പ്രസ്താവന പുറത്തിറക്കിയത്.

ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്ന കാരണത്താൽ മുൻനിര എഐ ഗവേഷ



ണ സ്ഥാപനമായ ആന്ത്രോപിക് തങ്ങളുടെ ശക്തമായ മിഥോസ് മോഡലിലേക്കുള്ള പ്രവേശനം നിയന്ത്രിച്ചിരുന്നു. ഇതിനു പിന്നാലെയാണ് അത്യാധുനിക എഐ മോഡലുകൾ വികസിപ്പിക്കുന്ന കമ്പനികൾ സൈബർ പ്രതിരോധത്തിനൊപ്പം നിൽക്കണമെന്ന ആഹ്വാനവുമായി ടെക് കമ്പനികൾ രംഗത്തെത്തിയത്. നിർണായക പശ്ചാത്തല സൗകര്യങ്ങൾ സംരക്ഷിക്കുന്ന സുരക്ഷാ വിഭാഗങ്ങൾക്ക് ആവശ്യമായ ഫണ്ടിംഗ്, പരിശീലനം, മോഡലുകളിലേക്കുള്ള സുരക്ഷിതമായ പ്രവേശനം എന്നിവ ഉറപ്പാക്കണമെന്ന് സംയുക്ത കത്തിൽ കമ്പനികൾ ആവശ്യപ്പെടുന്നു.

എഐ ഉപയോഗിച്ചുള്ള വലിയൊരു സൈബർ ആക്രമണ പരമ്പരയ്ക്കാണ് ലോകം സാക്ഷ്യം വഹിക്കാൻ പോകുന്നതെന്ന് ടെക്നോളജി നിരീക്ഷണ സംഘടനയായ 'സിവ് എഐ' (Civ AI) ഗവേഷണ വിഭാഗം തലവൻ ആൻഡ്രൂ യൂൻ മുന്നറിയിപ്പ് നൽകി. ഇതിൻറെ പൂർണ ഉത്തരവാദിത്വം പ്രസ്താവനയിൽ ഒപ്പുവച്ച കമ്പനികൾക്കു കൂടിയുണ്ടെന്നും, പ്രതിരോധ നടപടികൾക്കായി പ്രഖ്യാപിച്ച വൻ ഫണ്ടിംഗ് ലഭ്യമാക്കാൻ കമ്പനികൾ ബാധ്യസ്ഥരാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതേസമയം, ഹാക്കിംഗ് നടത്താൻ ശേഷിയുള്ള എഐ വികസനത്തിൻറെ വേഗം കുറയ്ക്കുന്നതിനുള്ള നിർദേശങ്ങളൊന്നും ഈ സംയുക്ത പ്രസ്താവനയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും അദ്ദേഹം വിമർശിച്ചു.

സർക്കാരുകളും സൈബർ സുരക്ഷാ വിദഗ്ധരും സാങ്കേതിക കമ്പനികളും ഒത്തുചേർന്ന് അത്യാധുനിക എഐ മോഡലുകളുടെ ശേഷിക്ക് അനുസൃതമായി സുരക്ഷാ സംവിധാനങ്ങൾ മുൻകൂട്ടി പരിശോധിച്ച് ഉറപ്പുവരുത്തണമെന്നു കത്തിൽ ആവശ്യപ്പെടുന്നുണ്ട്.



# നിർമ്മലാ സിവിൽ സർവീസ് അക്കാദമി അക്കാദമിക് വർഷ ഉദ്ഘാടനം നിർവ്വഹിച്ചു

**മൂവാറ്റുപുഴ:** കോതമംഗലം രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന നിർമ്മലാ സിവിൽ സർവീസ് അക്കാദമിയുടെ പുതിയ അക്കാദമിക് വർഷത്തെ ഉദ്ഘാടനവും റാങ്ക് വിജയികളെ ആദരിക്കലും കോട്ടയം ജില്ലാ പോലീസ് മേധാവി സാബു മാത്യു കെ. എം. ഐ.പി.എസ് നിർവ്വഹിച്ചു. എല്ലാവർക്കും വ്യക്തമായ ഒരു ജീവിതലക്ഷ്യം വേണമെന്നും അത് നേടിയെടുക്കാൻ അച്ചടക്കം, കഠിനാധ്വാനം, നിശ്ചയദാർഢ്യം എന്നിവയോടെ നിരന്തരം പരിശ്രമിക്കണമെന്നും ഉദ്ഘാടന പ്രസംഗത്തിൽ കൂട്ടിച്ചേർത്തു.

നിർമ്മല കോളേജ് ഓട്ടോണമസ് പ്രിൻസിപ്പൽ റവ. ഡോ. ജെസ്റ്റിൻ കണ്ണാടൻ ചടങ്ങിൽ സ്വാഗതം ആശംസിച്ചു. കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ആശീർവാദ പ്രസംഗവും രൂപതാ വികാരി ജനറാൾ മോൺ. ഡോ. പയസ് മലേക്കണ്ടത്തിൽ അധ്യക്ഷ പ്രസംഗവും നടത്തി.

ചടങ്ങിൽ വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ റാങ്ക് വിജയികളെ ആദരിക്കുകയും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. തുടർന്ന് നിർമ്മല കോളേജിലെ ത്രിപുരയിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കലാപരിപാടികളും അരങ്ങേറി.

ചടങ്ങിൽ നിർമ്മല സിവിൽ സർവീസ് അക്കാദമി ബോർഡ് അംഗം ഡോ. തോമസ് കെ. വി, വിദ്യാർത്ഥി പ്രതിനിധികളായ ലോയ്ഡ് ഫെബിൻ, ആൻ മരിയ ബെന്നി, രക്ഷാകർതൃ പ്രതിനിധി പ്രസീത ഷിബു എന്നിവർ ആശംസകൾ അറിയിച്ചു. നിർമ്മലാ കോളേജ് ബർസാറും സിവിൽ സർവീസ് അക്കാദമി അഡ്മിനിസ്ട്രേറ്ററുമായ റവ. ഫാ. പോൾ കളത്തൂർ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.



# ദേശീയ പാർഷ്യലി സൈറ്റഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ്: കേരളം സെമിഫൈനലിൽ

**ഗ്വാളിയോർ:** മധ്യപ്രദേശിലെ ഗ്വാളിയോറിൽ ഇന്ത്യൻ ബ്ലൈൻഡ് ഫുട്ബോൾ ഫെഡറേഷൻ (കആഎഎ) സംഘടിപ്പിക്കുന്ന രണ്ടാമത് ദേശീയ പാർഷ്യലി സൈറ്റഡ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഗ്രൂപ്പ് ചാമ്പ്യന്മാരായി കേരളം സെമിഫൈനലിൽ പ്രവേശിച്ചു.

ഗ്രൂപ്പ് ഘട്ടത്തിലെ ആദ്യ മത്സരത്തിൽ തമിഴ്നാടിനെ എതിരില്ലാത്ത ആറ് ഗോളുകൾക്ക് (6–0) പരാജയപ്പെടുത്തിയ കേരളം, രണ്ടാം മത്സരത്തിൽ ആതിഥേയരായ മധ്യപ്രദേശിനെ എതിരില്ലാത്ത പത്ത് ഗോളുകൾക്ക് (10–0) തകർത്തു.

ഗ്രൂപ്പ് ഘട്ട മത്സരങ്ങളിൽ ഹരിയാനയെ 5–0നും ഗുജറാത്തിനെ 7–0നും പരാജയപ്പെടുത്തിയ കേരളം, കളിച്ച നാല് മത്സരങ്ങളിലും ആധികാരിക വിജയം നേടിയാണ് ഗ്രൂപ്പ് ചാമ്പ്യന്മാരായി സെമിഫൈനലിൽ പ്രവേശിച്ചത്. നാല് മത്സരങ്ങളിലായി 28 ഗോളുകൾ നേടിയ കേരളം ഒരു ഗോൾ പോലും വഴങ്ങിയില്ല.

കഴിഞ്ഞ വർഷത്തെ ദേശീയ ചാമ്പ്യന്മാരായ കേരളം ഇത്തവണയും കിരീടം നിലനിർത്താനാകുമെന്ന ആത്മവിശ്വാസത്തിലാണ്. മികച്ച ഒത്തിണക്കത്തോടെയും ആക്രമണ മികവോടെയും കളിക്കുന്ന കേരള പാർഷ്യലി സൈറ്റഡ് ടീം, തുടർന്നുള്ള മത്സരങ്ങളിലും വിജയം നേടി ദേശീയ കിരീടം വീണ്ടും കേരളത്തിലെത്തിക്കാനുള്ള തയ്യാറെടുപ്പിലാണ്.



**ധാരണാപത്രത്തിൽ ഒപ്പിട്ട ശേഷം സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതി ഡയറക്ടർ ജനറൽ ഡോ. സുഭാഷ് കൗശികും സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസും വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂത്, മറ്റു ഗവേഷകർ തുടങ്ങിയവരോടൊപ്പം.**

# ഹോമിയോപ്പതി ഗവേഷണത്തിന് ധാരണാപത്രത്തിൽ ഒപ്പുവച്ചു

**കോട്ടയം:** മഹാത്മാഗാന്ധി സർവകലാശാലയും ന്യൂഡൽഹിയിലെ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതിയും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

സംയുക്ത ഗവേഷണ പദ്ധതികൾ, അറിവിന്റെ കൈമാറ്റം, അക്കാദമിക ഇടപെടലുകൾ, ഹോമിയോപ്പതി ഗവേഷണവുമായി ബന്ധപ്പെട്ട പരസ്പരം പ്രയോജനകരമായ മറ്റ് പ്രവർത്തനങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് സഹകരണത്തിന്റെ ലക്ഷ്യം.

സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതിന്റെ സാന്നിദ്ധ്യത്തിൽ സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതി ഡയറക്ടർ ജനറൽ ഡോ. സുഭാഷ് കൗശികും സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസുമാണ് ധാരണാപത്രത്തിൽ ഒപ്പുവെച്ചത്.

സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതിയെ പ്രതിനിധീകരിച്ച് അസിസ്റ്റന്റ് ഡയറക്ടറും കോട്ടയം നാഷണൽ ഹോമിയോപ്പതി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻ മെന്റൽ ഹെൽത്തിന്റെ ഓഫീസർ ഇൻ ചാർജുമായ ഡോ. ദേബദത്ത നായക്, കോട്ടയം നാഷണൽ ഹോമിയോപ്പതി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇൻ മെന്റൽ ഹെൽത്തിലെ റിസർച്ച് ഓഫീസർമാരായ ഡോ. അരുൺ കൃഷ്ണൻ പി., ഡോ. ധനരാജ് കുമാർ റാണ, സെൻട്രൽ കൗൺസിൽ ഫോർ റിസർച്ച് ഇൻ ഹോമിയോപ്പതി ഹെഡ്ക്വാർട്ടേഴ്സിലെ റിസർച്ച് ഓഫീസറായ ഡോ. മനസ് സാരംഗി, ഡോ. ഡി. പി. രസ്തോഗി സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഹോമിയോപ്പതിയിലെ റിസർച്ച് ഓഫീസറായ ഡോ. ശ്വേത ഗൗതം എന്നിവർ പങ്കെടുത്തു.

സർവകലാശാലയെ പ്രതിനിധീകരിച്ച് ഡോ. ശ്രീകല എം.എസ്, അസോസിയേറ്റ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്; ഡോ. രാജി വി., സ്കൂൾ ഓഫ് ബയോസയൻസസ്; ഡോ. അജി എം.എൻ., ഡോ. അനുമോൻ വി.ഡി., സ്കൂൾ ഓഫ് പോളിമർ സയൻസ് ആൻഡ് ടെക്നോളജി എന്നിവരും ചടങ്ങിൽ പങ്കെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY



# റോബോട്ടിക്സിലൂടെ താളിയോല സംരക്ഷണം; ഡബ്ല്യു.ആർ.ഒ ഇന്റർനാഷണൽസിൽ ഇന്ത്യയെ പ്രതിനിധീകരിക്കാൻ മലയാളി പെൺകുട്ടികൾ

**കൊച്ചി:** നൂറ്റാണ്ടുകൾ പഴക്കമുള്ള താളിയോല ഗ്രന്ഥങ്ങൾ സംരക്ഷിക്കുകയും ഡിജിറ്റൈസ് ചെയ്യുകയും ചെയ്യുന്നതിനായി അത്യാധുനിക റോബോട്ടിക് സംവിധാനം വികസിപ്പിച്ച് മലയാളി പെൺകുട്ടികൾ ദേശീയശ്രദ്ധ നേടി. ഓഗസ്റ്റ് 26 മുതൽ 28 വരെ ഹൈദരാബാദിൽ നടന്ന വേൾഡ് റോബോട്ട് ഒളിമ്പ്യാഡ് (ഡബ്ല്യു.ആർ.ഒ) ഇന്ത്യ നാഷണൽസിൽ ഒന്നാം സ്ഥാനം നേടിയാണ് 14 വയസ്സുകാരായ കാത്‌ലിൻ മേരി ജീസനും നവിക ഡി. നായരും അന്താരാഷ്ട്ര മത്സരത്തിന് യോഗ്യത നേടിയത്. ഫ്യൂച്ചർ ഇന്നൊവേറ്റേഴ്സ് സീനിയർ വിഭാഗത്തിൽ യു.ഡബ്ല്യു.ആർ സിനർജി ടീമിനായാണ് ഇരുവരും മത്സരിച്ചത്. ഡിസംബറിൽ പ്യൂർട്ടോറിക്കോയിൽ നടക്കുന്ന ഡബ്ല്യു.ആർ.ഒ ഇന്റർനാഷണൽസിൽ ഇവർ ഇന്ത്യയെ പ്രതിനിധീകരിക്കും.

'പ്രാചീന വിജ്ഞാനം ഭാവി സാങ്കേതികവിദ്യയെ കണ്ടുമുട്ടുമ്പോൾ' എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് യു.ഡബ്ല്യു.ആർ സിനർജി ടീം പദ്ധതി അവതരിപ്പിച്ചത്. ഇന്ത്യയിലെ പുരാതന ഗണിതജ്യോതിശാസ്ത്ര ആചാര്യന്മാരുടെ അമൂല്യമായ അറിവുകൾ നൂറ്റാണ്ടുകളായി താളിയോലകളിലാണ് സംരക്ഷിക്കപ്പെട്ടിരിക്കുന്നത്. കാലപ്പഴക്കവും പ്രകൃതിദുരന്തങ്ങളും ഈ രേഖകൾക്ക് ഭീഷണിയാകുന്ന സാഹചര്യത്തിൽ, അവയിൽ സൂക്ഷിച്ചിരിക്കുന്ന അറിവും പൈതൃകവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞാണ് കാത്‌ലിനും നവികയും പദ്ധതി വികസിപ്പിച്ചത്.

പരമ്പരാഗതമായി മാസങ്ങൾ വേണ്ടിവരുന്ന താളിയോല സംരക്ഷണ പ്രക്രിയയ്ക്ക് റോബോട്ടിക്സിന്റെയും നിർമിത ബുദ്ധിയുടെയും സഹായത്തോടെ പരിഹാരം കണ്ടെത്തുകയാണ് ഇവർ. 'സ്മൃതി 1.0' എന്ന ഓട്ടോമേറ്റഡ് സംവിധാനത്തിലൂടെ മിനിറ്റുകൾക്കുള്ളിൽ താളിയോലകൾ സുരക്ഷിതമായി സംരക്ഷിക്കാനും ഡിജിറ്റൈസ് ചെയ്യാനും സാധിക്കും. റോബോട്ടിക് സംവിധാനം, കസ്റ്റം ട്രെയിൻഡ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഒ.സി.ആർ സാങ്കേതികവിദ്യ എന്നിവ സംയോജിപ്പിച്ചാണ് 'സ്മൃതി' പ്രവർത്തിക്കുന്നത്.

**വേൾഡ് റോബോട്ട് ഒളിമ്പ്യാഡ് ഇന്ത്യ നാഷണൽസിൽ ചാമ്പ്യന്മാരായി പതിനാലുകാരായ കാത്‌ലിനും നവികയും**

പ്രത്യേക കൺവെയർ സംവിധാനത്തിലൂടെ താളിയോലകൾക്ക് കേടുപാടുകൾ വരുത്താതെ പൊടിയും അഴുക്കും നീക്കം ചെയ്യുകയും ദീർഘകാല സംരക്ഷണത്തിനായി ലേപനം നൽകുകയും ചെയ്യുന്നു. ഹൈറസല്യൂഷൻ ക്യാമറകളും സെൻസറുകളും ഉപയോഗിച്ച് താളിയോലകളിലെ വിവരങ്ങൾ ഡിജിറ്റലായി രേഖപ്പെടുത്തുന്നു. പ്രാചീന ലിപികൾ തിരിച്ചറിഞ്ഞ് എഡിറ്റ് ചെയ്യാവുന്ന കമ്പ്യൂട്ടർ ടെക്സ്റ്റാക്കി മാറ്റാനും സ്കാൻ ചെയ്ത വിവരങ്ങൾ ക്ലൗഡ് അധിഷ്ഠിത സംവിധാനത്തിലൂടെ ചരിത്ര ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനും എ.ഐ സംവിധാനത്തിന് കഴിയും.

മാള ഹോളി ഗ്രേയ്സ് സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥിനിയായ കാത്‌ലിന്റെ താൽപര്യമേഖലകൾ ഇന്നൊവേഷൻ, റോബോട്ടിക്സ്, പുസ്തക രചന എന്നിവയാണ്. കൊച്ചി നൈപുണ്യ പബ്ലിക് സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർഥിനിയായ നവിക ഡിസൈൻ, ഹാർഡ്‌വെയർ ആർക്കിടെക്ചർ, ഗവേഷണം എന്നിവയിൽ മികവ് പുലർത്തുന്നു. ഇരിങ്ങാലക്കുടയിലെ മാനുസ്ക്രിപ്റ്റ് റിസർച്ച് ആൻഡ് പ്രസന്റേഷൻ സെന്റർ ഡയറക്ടർ ലിറ്റി ചാക്കോ സംഗമഗ്രാമ മാധവനെക്കുറിച്ച് നടത്തിയ ഗവേഷണ വിവരങ്ങളും പങ്കുവെച്ചത് പദ്ധതിക്ക് പ്രചോദനമായി.

യുണീക് വേൾഡ് റോബോട്ടിക്സിലെ (യു.ഡബ്ല്യു.ആർ) മെന്റർമാരായ ഡിക്സൺ എം.ഡി., ശക്തിപ്രിയ ഇ.കെ., ജയശങ്കർ വി.എ., കോച്ച് അഖില ആർ. ഗോമസ് എന്നിവരുടെ മാർഗനിർദേശത്തിലാണ് പദ്ധതി വികസിപ്പിച്ചത്. ഇരുവരും മൂന്ന് വർഷമായി യു.ഡബ്ല്യു.ആറിൽ പരിശീലനം നേടിവരികയാണ്. കുട്ടികൾക്കും പ്രൊഫഷണലുകൾക്കും റോബോട്ടിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലകളിൽ പരിശീലനം നൽകുന്ന ദുബായ് ആസ്ഥാനമായ ആഗോള വിദ്യാഭ്യാസ സ്ഥാപനമാണ് യു.ഡബ്ല്യു.ആർ.

'കേരളത്തിന്റെ സംസ്കാരവും പൈതൃകവും ആധുനിക സാങ്കേതികവിദ്യയുമായി സമന്വയിപ്പിച്ച് വിജയം നേടാൻ യു.ഡബ്ല്യു.ആറിൽ നിന്ന് ലഭിച്ച മികച്ച പരിശീലനം ഞങ്ങളെ ഏറെ സഹായിച്ചു. അന്താരാഷ്ട്ര വേദിയിൽ സ്വർണം നേടുന്നതിനൊപ്പം, സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സമൂഹത്തിന് പ്രയോജനകരമായ കണ്ടുപിടിത്തങ്ങളുമായി കൂടുതൽ വിദ്യാർത്ഥികൾ മുന്നോട്ട് വരാൻ പ്രചോദനം നൽകുകയാണ് ഞങ്ങളുടെ ലക്ഷ്യം,' കാത്‌ലിനും നവികയും പറഞ്ഞു.

# പിന്നാക്ക സംവരണ നിയമനം ഉറപ്പാക്കാൻ പ്രത്യേക റിക്രൂട്ട്മെന്റ്

**തിരുവനന്തപുരം:** പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണം അനുസരിച്ചുള്ള നിയമനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ മൂന്ന് വർഷം കൂടുമ്പോൾ പി എസ് സി വഴിയുണ്ടാകുന്ന നിയമനങ്ങൾ പരിശോധിച്ചു ആവശ്യമെങ്കിൽ പ്രത്യേക റിക്രൂട്ട്മെന്റ് നടത്തി അവരെ സർക്കാർ സർവീസിൽ കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ അയ്യൻകാളിയുടെ 163ാമത് ജന്മദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 35,000 കോടിയുടെ പദ്ധതി 30,000 കോടിയായി വെട്ടിച്ചുരുക്കിയിരുന്നു. എന്നാൽ പട്ടികജാതി വർഗ വിഭാഗത്തിന് തുക അനുവദിച്ചപ്പോൾ 35,000 കോടിയുടെ 10 ശതമാനം കണക്കാക്കിയാണ് തുക നൽകിയത്.

ഒരു രൂപ പോലും അവർക്ക് കുറയരുതെന്ന് ഈ സർക്കാരിന് നിർബന്ധമുണ്ടായിരുന്നു. പിന്നാക്ക വിഭാഗങ്ങൾക്ക് ഭൂമിയും വീടും ഈ സർക്കാർ ഉറപ്പാക്കും. കേരളത്തിലെ ദളിത് ക്രൈസ്തവരുടെ സംവരണ വിഷയത്തിൽ സർക്കാരിന് പ്രഥമ പരിഗണനയാണുള്ളത്. ഉമ്മൻചാണ്ടി സർക്കാർ സി എസ് ഡി എസിന് പ്രഖ്യാപിച്ച കോളേജ് യാഥാർഥ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു.

കൊടിക്കുന്നിൽ സുരേഷ് എംപി, അഡ്വ. ചാണ്ടി ഉമ്മൻ എംഎൽഎ, സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസംഗിച്ചു. സമ്മേളനത്തിന് മുന്നോടിയായി നവോത്ഥാന നായകരുടെ ഛായചിത്രത്തിൽ പുഷ്പാർച്ചന നടത്തി.



# ഓണം വാരാഘോഷത്തിന് സമാപനം

**തിരുവനന്തപുരം:** വർണങ്ങൾ പെയ്തിറങ്ങിയ വീഥിയിൽ ആഘോഷക്കാഴ്ചയുടെ വിരുന്നൊരുക്കിയ സമാപന ഘോഷയാത്രയോടെ സംസ്ഥാന ടൂറിസം വകുപ്പിന്റെ ഓണം വാരാഘോഷത്തിനു പ്രൗഢഗംഭീര സമാപനം.

ഞായർ വൈകുന്നേരം അഞ്ചിന് ലോക്ഭവനു സമീപത്തു നിന്നാരംഭിച്ച ഘോഷയാത്രയുടെ ഫ്ളാഗ് ഓഫ് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നിർവഹിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകർ, മുഖ്യമന്ത്രി വി.ഡി. സതീശൻ, സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു ഫ്ളാഗ് ഓഫ് ചടങ്ങുകൾ.

ലോക്ഭവനിൽ നിന്നാരംഭിച്ച ഘോഷയാത്ര വെള്ളയമ്പലം, മ്യൂസിയം, പാളയം, സ്റ്റാച്യു വഴി കിഴക്കേക്കോട്ടയിൽ സമാപിച്ചു. നഗരത്തിലൂടെ കടന്നുപോയ ഘോഷയാത്ര കാണാൻ റോഡിനിരുവശവും വൻ ജനാവലിയാണു തടിച്ചുകൂടിയത്.

സുസ്ഥിരവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ അനുഭവവേദിയെന്ന നിലയിലേക്ക് കേരള ടൂറിസം മാറുന്നതിന്റെ സന്ദേശം ഉൾക്കൊള്ളുന്ന ഘോഷയാത്രയ്ക്കാണ് തലസ്ഥാന നഗരി സാക്ഷ്യം വഹിച്ചത്. സ്ത്രീകൾക്കും ജെൻ സി തലമുറയ്ക്കുമുള്ള പ്രാധാന്യവും സഞ്ചാരികൾക്ക് കേരളം അനുഭവവേദ്യമാക്കുന്നതിനായി അടുത്തിടെ നടത്തിയ പരിശ്രമങ്ങളും ഫ്ളോട്ടുകളിൽ പ്രതിഫലിച്ചു.

സ്ത്രീകളുടെ കരുത്തും ശുചിത്വത്തിൻറെ കരുതലും പ്രകൃതിയുടെ സംരക്ഷണവും വിളിച്ചോതിയുള്ള കേരള ടൂറിസത്തിന്റെ ഫ്ളോട്ടിന് ഘോഷയാത്രയിൽ നിറഞ്ഞ കൈയടിയാണ് ലഭിച്ചത്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന കേരളത്തിൻറെ പാരന്പര്യവും ശുചിത്വം എങ്ങനെയാണ് കരുതലാകുന്നതെന്നും മനോഹരമായ ദൃശ്യാവിഷ്കാരത്തിലുടെ ഫ്ളോട്ട് അവതരിപ്പിച്ചു.

പച്ചപ്പും ജൈവവൈവിധ്യവും നിറഞ്ഞ കേരളത്തിന്റെ പ്രകൃതിസൗന്ദര്യം സംരക്ഷിക്കപ്പെടേണ്ടതാണെന്ന സന്ദേശവും ഫ്ളോട്ടിലുണ്ടായിരുന്നു. 'സ്ത്രീകളുടെ കരുത്തും ശുചിത്വത്തിൻറെ കരുതലും പ്രകൃതിയുടെ സംരക്ഷണം കേരള ടൂറിസം പുതുയുഗത്തിലേക്ക്' എന്നതായിരുന്നു കേരള ടൂറിസം വകുപ്പ് ഫ്ളോട്ടിന്റെ പ്രമേയം. സ്ത്രീകൾ സമൂഹത്തിന്റെയും സന്പദ് വ്യവസ്ഥയുടെയും ടൂറിസം മേഖലയുടെയും വളർച്ചയിൽ വഹിക്കുന്ന നിർണായക പങ്ക് ഫ്ളോട്ട് ഉയർത്തിക്കാട്ടി.

കേരളത്തിന്റെ ഗ്രാമീണ ജീവിതവും പൈതൃകവും പരമ്പരാഗത തൊഴിലുകളും ലോകത്തിന് പരിചയപ്പെടുത്തിയുള്ള കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ (ആർടി മിഷൻ) ഫ്ളോട്ടും കാണികളുടെ മനം കവർന്നു. ആർടി മിഷൻ അവതരിപ്പിച്ച 'കം ആൻഡ് എക്സ്പീരിയൻസ് കേരളം വില്ലേജസ്' എന്ന ഫ്ളോട്ട് ആവേശത്തോടെയാണ് നഗരവീഥികളിൽ കാത്തുനിന്ന കാണികൾ സ്വീകരിച്ചത്.

കേരളീയ വാസ്തുവിദ്യയും പൈതൃകവും പ്രതിഫലിപ്പിക്കുന്ന പരമ്പരാഗത വീടിന്റെ മാതൃകയിലാണ് ഫ്ളോട്ട് ഒരുക്കിയത്. വീടിനുള്ളിൽ രണ്ടു പരന്പരാഗത നെയ്ത്തുകാർ തത്സമയം ജോലികൾ ചെയ്യുന്നത് അവതരിപ്പിച്ചതാണ് ഫ്ളോട്ടിനെ ഏറ്റവുമധികം ആകർഷണീയമാക്കിയത്.

ജമ്മു കാശ്മീർ, തമിഴ്നാട്, ഉത്തർപ്രദേശ്, പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഗുജറാത്ത്, വെസ്റ്റ് ബംഗാൾ, തെലുങ്കാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള തനത് കലാരൂപങ്ങൾ ഘോഷയാത്രയുടെ പൊലിമയ്ക്ക് മാറ്റുകൂട്ടി.

ചെണ്ടമേളം, പുലികളി, കഥകളി രൂപം, മാവേലി രഥം, വനിത ശിങ്കാരി മേളം, വേലകളി, ഗരുഡൻ പറവ, മുത്തപ്പൻ തെയ്യം, കരടികളി, ചിത്രശലഭം ഡാൻഡ്, കളരി, വനിതാ കോൽക്കളി, നാഗനൃത്തം, നെറ്റിപ്പട്ട വെഞ്ചാമര ഡാൻഡ്, കൈ കൊട്ടിക്കളി, കുരുത്തോല തെയ്യം, മയൂര നൃത്തം, പള്ളിവാൾ, കോതാമൂരിയാട്ടം തുടങ്ങി വൈവിധ്യമായ കലാരൂപങ്ങൾ ഘോഷയാത്രയ്ക്ക് മാറ്റു കൂട്ടി.

കേരളത്തിന്റെ വളർച്ചയും പാരമ്പര്യവും സംസ്കാരവും സാമൂഹിക പ്രസക്തിയും ആവിഷ്കരിക്കുന്ന 69 ഓളം ഫ്ളോട്ടുകളും ഇൻസ്റ്റലേഷനുകളും വിവിധ സർക്കാർ വകുപ്പുകളുടെ നേതൃത്വത്തിൽ ഘോഷയാത്രയിൽ പങ്കെടുത്തു. വനം വകുപ്പിന്റെ ഫ്ളോട്ട് ഒന്നാംസ്ഥാനം കരസ്ഥമാക്കി.

മന്ത്രിമാരായ പി.സി. വിഷ് ണുനാഥ്, കെ. മുരളീധരൻ, സി.പി. ജോൺ, റോജി എം. ജോൺ, ബിന്ദു കൃഷ്ണ, എംഎൽഎ ടി. സിദ്ദിഖ്, ചാണ്ടി ഉമ്മൻ, മേയർ വി.വി. രാജേഷ് തുടങ്ങിയവർ പവലിയനുകളിൽ സമാപനഘോഷയാത്ര വീക്ഷിക്കുന്നതിനായി എത്തിയിരുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY

## വ്യായാമവും മാനസികാരോഗ്യവും

# കുട്ടികളിൽ ശാരീരികമാനസിക ആരോഗ്യ സമവാക്യത്തിന്റെ പ്രാധാന്യം



**ഡോ. ജോസഫ് സണ്ണി കുന്നശ്ശേരി**
കൊച്ചി പ്രയത്ന ചൈൽഡ് ഡെവലപ്മെന്റ് സെന്ററിന്റെ സ്ഥാപകൻ

ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന്റെ ജന്മദിന സ്മരണ പുതുക്കികൊണ്ട്, ആഗസ്റ്റ് 29 ദേശീയ കായിക ദിനമായി ആചരിച്ചു. കായികരംഗത്തിന്റെ വളർച്ചയ്ക്കും വികസിനത്തിനും ഊന്നൽ കൊടുക്കുന്ന ഈ ദിനത്തിൽ അതിനൊപ്പം തന്നെ ആരോഗ്യ സംരക്ഷണത്തിൽ വ്യായാമത്തിന്റെ പ്രാധാന്യം കൂടി ഓർമ്മിപ്പിക്കുന്നു. സാധാരണയായി കായിക പരിശീലനവും വ്യായാമവും കേവലം ശാരീരിക ക്ഷമതയ്ക്കുള്ളതാണെന്നാണ് പലരും കരുതുന്നത്. എന്നാൽ, കുട്ടികളുടെ സമഗ്ര വളർച്ചയിൽ ശാരീരികാരോഗ്യവും മാനസികാരോഗ്യവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. കൃത്യമായ വ്യായാമം കുട്ടികളുടെ മാനസികാരോഗ്യത്തെയും ബുദ്ധിവികാസത്തെയും വളരെയധികം സ്വാധീനിക്കുന്ന ഒരു പ്രധാന കാര്യമാണ്.

**വ്യായാമവും മാനസികാരോഗ്യവും: ശാസ്ത്രീയ പശ്ചാത്തലം**

ശരീരം ചലിക്കുമ്പോൾ തലച്ചോറിൽ എൻഡോർഫിൻ, ഡോപാമൈൻ തുടങ്ങിയ 'ഹാപ്പി ഹോർമോണുകൾ' ഉത്പാദിപ്പിക്കപ്പെടുന്നു. ഇത് കുട്ടികളിലെ ഉത്കണ്ഠ, അമിത ഭയം, മാനസിക സമ്മർദ്ദം എന്നിവ കുറയ്ക്കാൻ സഹായിക്കുന്നു. ദിവസവും കൃത്യമായി കായിക വിനോദങ്ങളിൽ ഏർപ്പെടുന്ന കുട്ടികളിൽ നല്ല ഉറക്കവും ഉന്മേഷവും ഉറപ്പാക്കാൻ സാധിക്കും.

**കുട്ടികളിലെ ആരോഗ്യ സമവാക്യങ്ങൾ**

കുട്ടികളിലെ വളർച്ചാ വൈകല്യ



ങ്ങൾ, പഠനവൈകല്യങ്ങൾ, ഓട്ടിസം, എ.ഡി.എച്ച്.ഡി തുടങ്ങിയ അവസ്ഥകളെ നേരത്തെ തിരിച്ചറിയാനും അവർ ഏർപ്പെടുന്ന കായികവിനോദങ്ങളും ശാരീരിക പ്രവർത്തനങ്ങളും സഹായിച്ചേക്കാം. അതുപോലെ, ഇത്തരം കുട്ടികളുടെ ഇവിടെ ശാരീരികമാനസിക വികാസത്തിനായും വ്യായാമത്തെ ഘടനാപരമായി ഉപയോഗിക്കാനാകും.

**സെൻസറി ഇന്റഗ്രേഷൻ തെറാപ്പി:** കളികളിലൂടെയും ശാരീരിക വ്യായാമങ്ങളിലൂടെയും കുട്ടികളുടെ പഞ്ചേന്ദ്രിയങ്ങളുടെ ഏകോപനം വർദ്ധിപ്പിക്കുന്നു.

ശ്രദ്ധയും ശ്രദ്ധ കേന്ദ്രീകരണവും: ക്രമമായ കായിക പരിശീലനം കുട്ടികളിലെ ഹൈപ്പർ ആക്ടിവിറ്റി കുറയ്ക്കാനും ക്ലാസ് മുറികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവ് കൂട്ടാനും സഹായിക്കുന്നു.

ആത്മവിശ്വാസവും സാമൂഹിക ബന്ധങ്ങളും: ഗ്രൂപ്പ് ഗെയിമുകളിൽ പങ്കാളികളാകുമ്പോൾ കുട്ടികളിൽ സഹകരണം, വിട്ടുവീഴ്ചാ മനോഭാവം, പങ്കുവെക്കൽ എന്നീ സാമൂഹിക ഗുണങ്ങൾ വളരുന്നു. ഇത് അവരുടെ ആത്മവിശ്വാസം ഇരട്ടിയാക്കുന്നു.

**രക്ഷിതാക്കളും സമൂഹവും ചെയ്യേണ്ടത്**

ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ കുട്ടികൾ സ്ക്രീനുകൾക്ക് മുന്നിൽ കൂടുതൽ സമയം ചെലവഴിക്കുന്നത് അവരുടെ ശാരീരികമാനസിക ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

1. ദിവസവും കുറഞ്ഞത് 45 മിനിറ്റെങ്കിലും കുട്ടികളെ തുറസ്സായ സ്ഥലങ്ങളിൽ കളിക്കാൻ അനുവദിക്കുക.
2. നീന്തൽ, ഓട്ടം, സൈക്ലിംഗ് തുടങ്ങിയ ലളിതമായ വ്യായാമങ്ങൾ ശീലമാക്കുക.
3. കായിക വിനോദങ്ങളെ ജയപരാജയങ്ങളുടെ കണ്ണിലൂടെ മാത്രം കാണാതെ സന്തോഷത്തിനുള്ള മാർഗ്ഗമായി വളർത്തുക.

'ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യകരമായ മനസ്സുണ്ടാകൂ' എന്ന ആപ്തവാക്യം കുട്ടികളുടെ കാര്യത്തിൽ ഏറെ പ്രസക്തമാണ്. ദേശീയ കായിക ദിനം ആഘോഷിക്കുമ്പോൾ, നമ്മുടെ കുട്ടികൾക്ക് കളിക്കാനും ഓടിനടക്കാനുമുള്ള സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുമെന്ന് മുതിർന്നവർക്ക് ഉറപ്പു വരുത്താം. ഈ ദിനം മുന്നോട്ട് വെക്കുന്ന സന്ദേശവും ഇതുതന്നെയാണ, ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ സമതുലിതാവസ്ഥയാണ് ഒരു കുട്ടിയുടെ സമ്പൂർണ്ണ വികാസത്തിന്റെ അടിസ്ഥാനം.

# ജബൽപൂരിൽ 472 കോടി രൂപയുടെ ടിസീരീസ് ടാങ്ക് ഓവറോൾ പദ്ധതി: ഭൂമിപൂജ നടത്തി

**ജബൽപൂർ:** കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും മധ്യപ്രദേശ് മുഖ്യമന്ത്രി ഡോ. മോഹൻ യാദവും ചേർന്ന് ഓഗസ്റ്റ് 27ന് ജബൽപൂരിലെ ആർമേഡ് വെഹിക്കിൾസ് നിഗം ലിമിറ്റഡിന്റെ (AVNL) കീഴിലുള്ള വെഹിക്കിൾ ഫാക്ടറിയിൽ ടിസീരീസ് ടാങ്കുകളുടെ ഓവറോൾ പദ്ധതിക്ക് ഭൂമിപൂജ നടത്തി. 472 കോടി രൂപ ചെലവിൽ സ്ഥാപിക്കുന്ന പുതിയ സംവിധാനത്തിൽ ടി72, ടി90 ടാങ്കുകൾക്കായി പ്രത്യേക ഓവറോൾ സൗകര്യങ്ങൾ ഒരുക്കും. ആഭ്യന്തര പ്രതിരോധ പരിപാലന ശേഷിയും സ്വയംപര്യാപ്തതയും ശക്തിപ്പെടുത്തുന്നതിലെ സുപ്രധാന ചുവടുവയ്പ്പാണിത്.

പുതിയ യൂണിറ്റിന് പ്രതിവർഷം 80 ടാങ്കുകൾ ഓവറോൾ ചെയ്യാനുള്ള ശേഷിയുണ്ടാകും. ഇന്ത്യൻ കരസേനയ്ക്ക് പ്രതിവർഷം ആവശ്യമായ 230 ടാങ്കുകളുടെ ഓവറോൾ ശേഷിയിലെ കുറവ് നികത്താൻ പദ്ധതി സഹായിക്കും. നിലവിൽ അവഡിയിലെ ഹെവി വെഹിക്കിൾസ് ഫാക്ടറിയിൽ പ്രതിവർഷം 150 ടാങ്കുകൾ ഓവറോൾ ചെയ്യുന്നുണ്ട്.

ജബൽപൂർ യൂണിറ്റ് കൂടി പ്രവർത്തനക്ഷമമാകുന്നതോടെ നവീകരിച്ച കവചിത വാഹനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കാനും സൈന്യത്തിന്റെ പ്രവർത്തന സജ്ജത വർധിപ്പിക്കാനും സാധിക്കും. പ്രാദേശിക എംഎസ്എംഇ കൾക്ക് വിതരണ ശൃംഖലയിൽ കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതോടൊപ്പം നിർമാണ, അനുബന്ധ സേവന മേഖലകളിൽ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. ആധുനിക യുദ്ധരംഗത്ത് ടാങ്കുകൾ, പീരങ്കികൾ, ഡ്രോണുകൾ, ഇലക്ട്രോണിക് യുദ്ധ സംവിധാനങ്ങൾ എന്നിവ ഏകോപിതമായി പ്രവർത്തിക്കുന്ന സംയോജിത യുദ്ധ സംവിധാനങ്ങൾക്കാണ് പ്രാധാന്യമെന്ന് ചടങ്ങിൽ രാജ്നാഥ് സിംഗ് പറഞ്ഞു. ശക്തമായ വിതരണ ശൃംഖലയും നൂതന സാങ്കേതികവിദ്യയും ശക്തമായ വ്യവസായ ശേഷിയുമുള്ള രാജ്യങ്ങൾക്കാണ് ദീർഘകാല സംഘർഷങ്ങളെ ഫലപ്രദമായി നേരിടാൻ കഴിയുകയെന്നും അദ്ദേഹം വ്യക്തമാക്കി.

നിർണായക പ്രതിരോധ പരിപാലന ആവശ്യങ്ങൾക്ക് വിദേശ വിതരണ ശൃംഖലകളിലുള്ള ആശ്രിതത്വം ഒഴിവാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു. 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ പ്രതിരോധ ഉൽപ്പാദനം ഏകദേശം 1.80 ലക്ഷം കോടി രൂപയും പ്രതിരോധ കയറ്റുമതി ഏകദേശം 39,000 കോടി രൂപയും എത്തിയതായി ചൂണ്ടിക്കാട്ടിയ അദ്ദേഹം, പ്രതിരോധവ്യോമയാന നിർമാണ മേഖലയിലെ പ്രധാന കേന്ദ്രമായി മധ്യപ്രദേശ് ഉയർന്നുവരുന്നതായും അഭിപ്രായപ്പെട്ടു.



# പ്രതിരോധ കയറ്റുമതി നടപടികൾ ലളിതമാക്കി കേന്ദ്ര സർക്കാർ; ആഗോള വിപണി പ്രവേശനം ശക്തമാക്കും

**ന്യൂദൽഹി:** ഇന്ത്യയുടെ പ്രതിരോധ കയറ്റുമതി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ , ഓപ്പൺ ജനറൽ എക്സ്പോർട്ട് ലൈസൻസ് ചട്ടക്കൂട് എന്നിവ കൂടുതൽ ലളിതമാക്കുന്നതിനുള്ള സമഗ്ര നടപടിക്രമ പരിഷ്കാരങ്ങൾ പ്രതിരോധ മന്ത്രാലയത്തിന് കീഴിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ഡിഫൻസ് പ്രൊഡക്ഷൻ പ്രഖ്യാപിച്ചു. പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗിന്റെ മാർഗനിർദേശത്തിലും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'മേക് ഇൻ ഇന്ത്യ', 'ആത്മനിർഭർ ഭാരത്' ദർശനങ്ങൾക്ക് അനുസൃതമായുമാണ് പരിഷ്കാരങ്ങൾ നടപ്പാക്കുന്നത്. ദേശീയ സുരക്ഷാ മാനദണ്ഡങ്ങൾ സംരക്ഷിച്ചുകൊണ്ട് ഇന്ത്യയെ മത്സരക്ഷമവും വിശ്വസനീയവുമായ ആഗോള പ്രതിരോധ നിർമാണ കേന്ദ്രമാക്കി മാറ്റുകയാണ് നടപടികളുടെ ലക്ഷ്യം.

പരിഷ്കരിച്ച പ്രതിരോധ കയറ്റുമതി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ പ്രകാരം, മാരക സ്വഭാവമില്ലാത്ത പ്രതിരോധ ഉൽപ്പന്നങ്ങൾ ഭൂരിഭാഗം അന്താരാഷ്ട്ര രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് നിർബന്ധമായിരുന്ന വിവിധ സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻ നടപടികൾ ഒഴിവാക്കി. അന്താരാഷ്ട്ര ടെൻഡറുകൾക്കും പ്രദർശനങ്ങൾക്കും ഉദ്ദേശിച്ചിട്ടുള്ള എല്ലാ പ്രതിരോധ ഉൽപ്പന്നങ്ങൾക്കും കൺസൾട്ടേഷൻ ആവശ്യകതകൾ ഒഴിവാക്കിയിട്ടുണ്ട്. ഇതിലൂടെ ആഗോള വിപണിയിലെ അവസരങ്ങൾ കൂടുതൽ വേഗത്തിലും കാര്യക്ഷമമായും പ്രയോജനപ്പെടുത്താൻ ഇന്ത്യൻ പ്രതിരോധ കമ്പനികൾക്ക് സാധിക്കും.

വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓപ്പൺ ജനറൽ എക്സ്പോർട്ട് ലൈസൻസ് ചട്ടക്കൂടിലും പ്രധാന ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പ്രധാന പ്രതിരോധ പ്ലാറ്റ്ഫോമുകൾ, ഘടകങ്ങൾ, കമ്പനികൾക്കിടയിലെ സാങ്കേതികവിദ്യ കൈമാറ്റം എന്നിവ സംബന്ധിച്ച മൂന്ന് വ്യത്യസ്ത ഓപ്പൺ ജനറൽ എക്സ്പോർട്ട് ലൈസൻസ് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറുകൾ ഏകീകരിച്ച് ഒറ്റ ഏകീകൃത നടപടിക്രമമാക്കി മാറ്റി. ഓപ്പൺ ജനറൽ എക്സ്പോർട്ട് ലൈസൻസ് അനുമതിയുടെ കാലാവധി രണ്ട് വർഷത്തിൽ നിന്ന് മൂന്ന് വർഷമായി ഉയർത്തുകയും ചെയ്തു. ഇതിലൂടെ പതിവ് കംപ്ലയൻസ് നടപടികളും ലൈസൻസ് പുതുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഗണ്യമായി കുറയ്ക്കാനാകും.

ഓപ്പൺ ജനറൽ എക്സ്പോർട്ട് ലൈസൻസ് പ്രകാരമുള്ള കയറ്റുമതി ലക്ഷ്യസ്ഥാനങ്ങളുടെ പരിധിയും വിപുലീകരിച്ചിട്ടുണ്ട്. നിലവിൽ 41 രാജ്യങ്ങളിലേക്കുള്ള പരിധി ഉപരോധം ഏർപ്പെടുത്തിയിട്ടില്ലാത്തതും സെൻസിറ്റീവ് വിഭാഗത്തിൽപ്പെടാത്തതുമായ ലോകത്തെ എല്ലാ രാജ്യങ്ങളിലേക്കും വ്യാപിപ്പിച്ചു. വിദേശ ഒറിജിനൽ എക്യുപ്മെന്റ് നിർമാതാക്കളുമായി കരാറുകളുള്ള ഇന്ത്യൻ കമ്പനികൾക്ക്, അതത് കരാറുകളുടെ കാലാവധിക്ക് അനുസൃതമായി ദീർഘകാല അനുമതി ലഭ്യമാക്കുന്നതിനുള്ള പുതിയ വ്യവസ്ഥകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓപ്പൺ ജനറൽ എക്സ്പോർട്ട് ലൈസൻസ് പ്രകാരം അനുവദനീയമായ ഉൽപ്പന്നങ്ങളുടെ പരിധിയും വിപുലീകരിച്ചു. നിർദിഷ്ട ചെറു ആയുധങ്ങളുടെ ഘടകങ്ങൾക്കും സംരക്ഷണ ഉപകരണങ്ങൾക്കും സിവിലിയൻ ആവശ്യങ്ങൾക്കായുള്ള ഉപയോഗ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനാണ് പരിധി വികസിപ്പിച്ചത്. 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ആഭ്യന്തര പ്രതിരോധ ഉൽപ്പാദനം 1.78 ലക്ഷം കോടി എന്ന റെക്കോർഡ് നിലയിലെത്തുകയും പ്രതിരോധ കയറ്റുമതി 38,424 കോടി രേഖപ്പെടുത്തുകയും ചെയ്ത സാഹചര്യത്തിലാണ് പുതിയ നടപടികൾ.

കയറ്റുമതി നടപടികൾ ലളിതമാക്കുന്നതിലൂടെ പ്രത്യേകിച്ച് ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് അന്താരാഷ്ട്ര വ്യാപാരം വിപുലീകരിക്കാനും ആഗോള വിപണിയിൽ കൂടുതൽ ശക്തമായി പ്രവേശിക്കാനും സാധിക്കുമെന്ന് പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി.



# എൽ ആൻഡ് ടി ഇന്ത്യൻ നാവികസേനയുടെ ആദ്യ തദ്ദേശീയ മൾട്ടി പർപ്പസ് കപ്പൽ 'സമർഥക്' കൈമാറി

**കട്ടുപ്പള്ളി:** ഇന്ത്യൻ നാവികസേനയ്ക്കായുള്ള ആദ്യ മൾട്ടി പർപ്പസ് വെസൽ (MPV) 'സമർഥക്' ലാർസൻ ആൻഡ് ടൂബ്രോ ലിമിറ്റഡ് (L&T) ഓഗസ്റ്റ് 27ന് കട്ടുപ്പള്ളിയിലെ കപ്പൽശാലയിൽ നാവികസേനയ്ക്ക് കൈമാറി. 75 ശതമാനത്തിലധികം തദ്ദേശീയ ഘടകങ്ങൾ ഉൾപ്പെടുത്തി നിർമിച്ച കപ്പൽ ഇന്ത്യയുടെ ആഭ്യന്തര കപ്പൽനിർമാണ ശേഷിയിലെ സുപ്രധാന നേട്ടമാണ്. കേന്ദ്ര സർക്കാരിന്റെ 'ആത്മനിർഭർ ഭാരത്' പദ്ധതിയുമായി യോജിച്ചാണ് കപ്പലിന്റെ നിർമാണം.

'സമർഥക്' എന്ന പേരിന് 'പിന്തുണ നൽകുന്നവൻ' എന്ന അർഥമാണുള്ളത്. ഒരൊറ്റ ദൗത്യത്തിൽ മാത്രം പരിമിതപ്പെടുത്താതെ വിവിധ സമുദ്ര പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന ബഹുമുഖ കപ്പലായാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രധാനമായും പരീക്ഷണങ്ങൾക്കും മൂല്യനിർണയത്തിനുമുള്ള ബഹുമുഖ പ്ലാറ്റ്ഫോമായാണ് കപ്പൽ വിഭാവനം ചെയ്തിരിക്കുന്നത്. ആവശ്യാനുസരണം സമുദ്ര നിരീക്ഷണം, രഹസ്യാന്വേഷണം, തീരക്കടൽ പട്രോളിംഗ്, മാനവിക സഹായം, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ (HADR) എന്നിവയ്ക്കും കപ്പൽ ഉപയോഗിക്കാനാകും.

'സമർഥക്' കൈമാറിയത് ഇന്ത്യയുടെ സ്വയംപര്യാപ്തമായ ആഭ്യന്തര പ്രതിരോധ വ്യവസായ മേഖലയുടെ വളർച്ച വ്യക്തമാക്കുന്ന സുപ്രധാന നേട്ടമാണ്. ഉയർന്ന തോതിലുള്ള തദ്ദേശീയ നിർമാണവും വിവിധ ദൗത്യങ്ങൾ നിർവഹിക്കാനുള്ള ആധുനിക ശേഷികളും സംയോജിപ്പിച്ച കപ്പൽ, തദ്ദേശീയ രൂപകൽപ്പനയിലും സുസ്ഥിരമായ സമുദ്ര സുരക്ഷയിലുമുള്ള ഇന്ത്യൻ നാവികസേനയുടെ പ്രതിബദ്ധത കൂടുതൽ ശക്തിപ്പെടുത്തുന്നു.



## ശ്രീലങ്കൻ നാവികസേനാ മേധാവി വൈസ് അഡ്മിറൽ ഡാമിയൻ ഫെർണാണ്ടോയുടെ ഇന്ത്യാ ഔദ്യോഗിക സന്ദർശനം പൂർത്തിയായി

**ന്യൂദൽഹി:** ശ്രീലങ്കൻ നാവികസേനാ മേധാവി വൈസ് അഡ്മിറൽ ഡാമിയൻ ഫെർണാണ്ടോ ഓഗസ്റ്റ് 26 മുതൽ 29 വരെ ഇന്ത്യയിൽ ഔദ്യോഗിക സന്ദർശനം നടത്തി. നാവികസേനാ മേധാവിയായി ചുമതലയേറ്റ ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ ഔദ്യോഗിക ഇന്ത്യാ സന്ദർശനമായിരുന്നു ഇത്. ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ ഇന്ത്യ-ശ്രീലങ്ക സമുദ്ര സഹകരണം കൂടുതൽ ശക്തിപ്പെടുത്തുകയും ഇരു നാവികസേനകളും തമ്മിലുള്ള സഹകരണം വിപുലീകരിക്കുകയുമായിരുന്നു നാല് ദിവസത്തെ സന്ദർശനത്തിന്റെ പ്രധാന ലക്ഷ്യം.

ഓഗസ്റ്റ് 27ന് ന്യൂദൽഹിയിലെത്തിയ വൈസ് അഡ്മിറൽ ഡാമിയൻ ഫെർണാണ്ടോ നാഷണൽ വാർ മെമ്മോറിയലിൽ വീരമൃത്യു വരിച്ച സൈനികർക്ക് ആദരാഞ്ജലി അർപ്പിച്ചു. തുടർന്ന് സൗത്ത് ബ്ലോക്കിൽ അദ്ദേഹത്തിന് ഔദ്യോഗിക ഗാർഡ് ഓഫ് ഓണർ നൽകി. നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥനുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തി. സംയുക്ത സൈനിക പ്രവർത്തനങ്ങൾ, ശേഷി വികസനം, പരിശീലന പരിപാടികൾ, സമുദ്ര സുരക്ഷാ നടപടികൾ തുടങ്ങിയ വിഷയങ്ങൾ ചർച്ചയിൽ പ്രധാനമായിരുന്നു. ന്യൂഡൽഹി സന്ദർശനത്തിനിടെ മുതിർന്ന പ്രതിരോധ ഉദ്യോഗസ്ഥരുമായും ഇന്ത്യൻ പ്രതിരോധ വ്യവസായ പ്രതിനിധികളുമായും ശ്രീലങ്കൻ നാവികസേനാ മേധാവി കൂടിക്കാഴ്ച നടത്തി. പ്രതിരോധ മേഖലയിൽ സഹകരണത്തിനുള്ള പുതിയ സാധ്യതകളും ചർച്ച ചെയ്തു.

ഔദ്യോഗിക സന്ദർശനത്തിന്റെ ഭാഗമായി വൈസ് അഡ്മിറൽ ഫെർണാണ്ടോ കൊച്ചിയിലെത്തി സതേൺ നേവൽ കമാൻഡ് ആസ്ഥാനവും ഇന്ത്യൻ നാവികസേനയുടെ പ്രധാന പരിശീലന സ്ഥാപനങ്ങളും സന്ദർശിച്ചു. നിലവിലുള്ള പരിശീലന സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഇരു നാവികസേനകളിലെയും ഉദ്യോഗസ്ഥർ തമ്മിലുള്ള പ്രൊഫഷണൽ ആശയവിനിമയം വർധിപ്പിക്കുന്നതിനുമാണ് സന്ദർശനം ലക്ഷ്യമിട്ടത്. ഇന്ത്യൻ നാവികസേനയുടെ ദീർഘകാലവും സുപ്രധാനവുമായ സമുദ്ര പങ്കാളിയാണ് ശ്രീലങ്കൻ നാവികസേന. വൈസ് അഡ്മിറൽ ഡാമിയൻ ഫെർണാണ്ടോയുടെ ഇന്ത്യാ സന്ദർശനം പ്രാദേശിക സ്ഥിരതയും സമുദ്ര സുരക്ഷയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള തന്ത്രപ്രധാനമായ ചുവടുവയ്പ്പായാണ് വിലയിരുത്തുന്നത്.

## ഇടിമണ്ണിക്കലിൽ വെഡിംഗ് ഓഫർ ആരംഭിച്ചു

**കൊച്ചി:** ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ കൊച്ചി എംജി റോഡിലെ ഷോറൂമിന്റെ ഉദ്ഘാടന ആഘോഷത്തിന്റെ ഭാഗമായി കൊച്ചി, കോട്ടയം, ചങ്ങനാശേരി ബ്രാഞ്ചുകളിൽ കല്യാണ സമ്മാനം വെഡ്ഡിംഗ് ഓഫർ ആരംഭിച്ചു.

ഈ ഓഫറിൽ ഡയമണ്ട് കാരറ്റിന് 20,000 രൂപ കുറവും, സ്വർണാഭരണങ്ങൾക്ക് പണിക്കൂലിയിൽ അമ്പതു ശതമാനം ഫ്ളാറ്റ് ഡിസ്കൗണ്ടും ലഭിക്കും. വെഡിംഗ് ഓർണമെൻറ്സിൽ ഇടിമണ്ണിക്കലിന്റെ വൈറലായ പൈറിംഗ് നെക്ലേസുകളുടെ ഏറ്റവും പുതുമയുള്ള ഡിസൈനർ ശേഖരവും ഒരുക്കിയിട്ടുണ്ട്.

സ്വർണാഭരണ രംഗത്ത് നാല് പതിറ്റാണ്ടായി പ്രവർത്തിക്കുന്ന ഇടിമണ്ണിക്കലിൽ ഒരു പവൻ മുതൽ നാലു പവൻ വരെയുള്ള എക്സ്ക്ലൂസീവ് വെഡിംഗ് സെറ്റും, ഒരു ലക്ഷം രൂപ വരുന്ന ഡയമണ്ട് വെഡിംഗ് സെറ്റുകളുടെ പുതിയ കളക്ഷനുകളും ലഭ്യമാണ്.

റോയൽ ആൻറിക്, റോസ് ഗോൾഡ്, ചെട്ടിനാട്, കേരള ട്രെഡീഷണൽ, ടെംപിൾ കളക്ഷൻ തുടങ്ങിയവയുടെ മാലകൾ, കമ്മലുകൾ, നെക്ലേസുകൾ, ഫ്ളവർ ബാംഗിൾ, ഫ്ളെക്സി ബാംഗിൾ എന്നിവയുടെ പുതുപുത്തൻ കളക്ഷനുകളും ധാരാളം എത്തിച്ചേർന്നിരിക്കുന്നു.

ലൈറ്റ് വെയ്റ്റ് വെഡിംഗ് ഓർണമെൻറസിൽ ഇറ്റാലിയൻ, സിംഗപ്പൂർ, ടർക്കിഷ് തുടങ്ങിയ സ്റ്റൈലിൽ ലോകോത്തര ഡിസൈനുകളും പുതിയ ട്രെൻഡുകളും ഇടിമണ്ണിക്കൽ ഗോൾഡ് ആൻഡ് ഡയമണ്ട്സിൽനിന്ന് ലഭ്യമാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# പ്രതിരോധദുരന്തനിവാരണ മേഖലകളിൽ ടെറിട്ടോറിയൽ ആർമിജെൻ റോബോട്ടിക്സ് സഹകരണം

**തിരുവനന്തപുരം:** പ്രതിരോധം, ദുരന്ത നിവാരണം തുടങ്ങിയ മേഖലകളിൽ അത്യാധുനിക റോബോട്ടിക് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനായി പ്രമുഖ ഡീപ്ടെക് റോബോട്ടിക്സ് കമ്പനിയായ ജെൻ റോബോട്ടിക്സ് ടെറിട്ടോറിയൽ ആർമിയുമായി ധാരണാപത്രം ഒപ്പിട്ടു. കോൽക്കത്തയിൽ നടന്ന 'കൈറ്റ ആൻഡ് ടിഎ 2.0' സിമ്പോസിയത്തിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ ടെറിട്ടോറിയൽ ആർമി അഡീഷണൽ ഡയറക്ടർ ജനറൽ (എഡിജി) മേജർ ജനറൽ എസ്.എസ്. പാട്ടീലും (എവിഎസ്എം, വിഎസ്എം) ജെൻ റോബോട്ടിക്സ് സിഇഒയും സഹസ്ഥാപകനുമായ വിമൽ ഗോവിന്ദ് എം.കെയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്.

റോബോട്ടിക്സ് ഗവേഷണം, സാങ്കേതികവിദ്യയുടെ വിലയിരുത്തൽ, പരിശീലനം, സാങ്കേതികശേഷി വർധിപ്പിക്കൽ എന്നിവയിലാണ് ഇരുവിഭാഗവും പ്രധാനമായും സഹകരിക്കുക. അപകടകരമായ സാഹചര്യങ്ങളിലെ റോബോട്ടിക് ഉപയോഗം, ദുരന്ത നിവാരണ പ്രവർത്തനങ്ങൾ, ഇടുങ്ങിയതും സുരക്ഷിതമല്ലാത്തതുമായ സ്ഥലങ്ങളിലെ പരിശോധനകൾ, നിർണായക അടിസ്ഥാന സൗകര്യങ്ങളുടെ വിലയിരുത്തൽ, നിർമിതബുദ്ധി അധിഷ്ഠിത റിമോട്ട് സെൻസിംഗ്, തദ്ദേശീയ ഗവേഷണം തുടങ്ങിയവയിൽ സഹകരിക്കാൻ ധാരണാപത്രം വഴിയൊരുക്കും.

ലോകത്തിലെ ആദ്യത്തെ മാൻഹോൾ ശുചീകരണ റോബോട്ടായ 'ബാൻഡികൂട്ട്' വികസിപ്പിച്ച് ആഗോള ശ്രദ്ധ നേടിയ കമ്പനിയാണ് ജെൻ റോബോട്ടിക്സ്. നിലവിൽ ശുചിത്വം, ആരോഗ്യസംരംക്ഷണം, ഓയിൽ ആൻഡ് ഗ്യാസ്, ഡിഫൻസ് ആൻഡ് സ്പേസ് എന്നിവ ഉൾപ്പെടെ അഞ്ചു മേഖലകളിലേക്ക് കമ്പനി പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.


സിമ്പോസിയത്തിൽ ജെൻ റോബോട്ടിക്സ് തങ്ങളുടെ അത്യാധുനിക പ്രതിരോധ റോബോട്ടിക് സാങ്കേതികവിദ്യകളും പ്രദർശിപ്പിച്ചു. ജിബോട്ട്, ജെൻബോട്ട്, റോബോട്ടിക് റോവർ, ജികൈ എന്ന മെഡിക്കൽ ഉപകരണം എന്നിവയാണു പ്രദർശിപ്പിച്ചത്. പ്രതിരോധബഹിരാകാശ മേഖലകളിലെ ഉത്പാദനവും ഗവേഷണവും ലക്ഷ്യമിട്ട് തിരുവനന്തപുരത്തെ തുമ്പയിൽ ജെൻ റോബോട്ടിക്സിൻറെ പുതിയ ഉത്പാദന കേന്ദ്രം അടുത്തിടെ ഉദ്ഘാടനം ചെയ്തിരുന്നു. ഇതിനു പുറമേ ഐഎസ്ആർഒ, ഇന്ത്യൻ സൈന്യം എന്നിവിടങ്ങളിൽനിന്നു വിരമിച്ച വിദഗ്ധരെയും മുതിർന്ന എൻജിനിയർമാരെയും ടീമിൽ ഉൾപ്പെടുത്തി പ്രതിരോധ സാങ്കേതികവിദ്യാ രംഗത്തു വലിയ ചുവടുവയ്പ്പുകൾക്കാണ് ജെൻ റോബോട്ടിക്സ് ഒരുങ്ങുന്നത്.

# കമ്പനികൾക്കു വർക്ക് സ്പേസ് റെഡി; സ്പേസ് വൺ ഹിറ്റ്

**കൊച്ചി:** കൊച്ചി പോലുള്ള വലിയ നഗരത്തിൽ ഐടി രംഗത്തുൾപ്പടെയുള്ള കമ്പനികൾക്ക് ആവശ്യമായ മികച്ച വർക്ക് സ്പേസ് ലഭിക്കുന്നില്ലെന്ന പരാതി ഇനി വേണ്ട. സ്റ്റാർട്ടപ്പുകൾക്കും വൻകിട കമ്പനികൾക്കും ഡിസ്ട്രിബ്യൂട്ടഡ് ടീമുകൾക്കുമെല്ലാം പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കുന്നതിന് ദക്ഷിണേന്ത്യയിലെ പ്രമുഖ മാനേജ്ഡ് വർക്ക് സ്പേസ് ഓപ്പറേറ്ററായ സ്പേസ് വൺ കൊച്ചിയിൽ സാന്നിധ്യം കൂടുതൽ ശക്തമാക്കും.

കാക്കനാട് കേന്ദ്രീകരിച്ചാണു പുതിയ വികസനപദ്ധതികൾക്ക് കമ്പനി തുടക്കമിടുന്നത്. ഇൻഫോപാർക്കിൽ പുതിയ സെൻറർ തുറക്കുന്നതിനൊപ്പം നിലവിലുള്ള രണ്ടു കേന്ദ്രങ്ങളുടെ രണ്ടാംഘട്ട വികസനവും നടപ്പാക്കും. ഇതോടെ കാക്കനാട് മേഖലയിൽ മാത്രം സ്പേസ് വണ്ണിന് നാലു പ്രമുഖ കേന്ദ്രങ്ങളിലായി ആകെ 1,250 സീറ്റുകളുടെ ശേഷിയുണ്ടാകും.

ഇൻഫോപാർക്ക് ഫേസ് രണ്ടിലെ കാസ്പിയൻ ടവർ, ജെ ടവർ, റിറ്റ്സ് പ്ലാസ, സീപോർട്ട്എയർപോർട്ട് റോഡിലെ ഇൻഫ്രാ ഫ്യൂച്ചറ എന്നിവയാണ് ഈ കേന്ദ്രങ്ങൾ. ഇൻഫോ



പാർക്ക്, സ്മാർട്ട് സിറ്റി, സീപോർട്ട്എയർപോർട്ട് റോഡ് തുടങ്ങിയ പ്രധാന ബിസിനസ് ഇടനാഴികളിലാണ് ഈ കേന്ദ്രങ്ങളെല്ലാം സ്ഥിതിചെയ്യുന്നത്. സ്റ്റാർട്ടപ്പുകൾ മുതൽ വൻകിട കമ്പനികൾക്കുവരെ എപ്പോൾ വേണമെങ്കിലും പ്രവർത്തനം തുടങ്ങാവുന്ന റെഡിടുമൂവ് സൗകര്യങ്ങൾക്കുപുറമെ, കസ്റ്റംബിൽറ്റ് ഓഫീസുകളും നൽകാനാകുമെന്ന് സ്പേസ് വൺ കോഫൗണ്ടർ ആൻഡ് അക്വിസിഷൻസ് ഡയറക്ടർ സിജോ ജോസ് പറഞ്ഞു.

കൊച്ചിക്കു പുറമേ കേരളത്തിലെ മറ്റു നഗരങ്ങളിലേക്കും ദക്ഷിണേന്ത്യയിലുടനീളവും കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള തയാറെടുപ്പിലാണ് സ്പേസ് വൺ. കോയമ്പത്തൂരിൽ നിലവിൽ ആറു കേന്ദ്രങ്ങൾ കമ്പനിക്കുണ്ട്. ബംഗളൂരുവിലെ വൈറ്റ്ഫീൽഡിൽ പ്രവർത്തനമാരംഭിച്ചു. മൈസൂരു, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിലേക്കും വികസനത്തിനൊരുങ്ങുകയാണെന്ന് സ്പേസ് വൺ കോഫൗണ്ടറും മാർക്കറ്റിംഗ് ഡയറക്ടറുമായ ജയിംസ് തോമസ് പറഞ്ഞു.

സ്റ്റാർട്ടപ്പുകളുടെ അതിവേഗ വളർച്ചയും ഗ്ലോബൽ കേപ്പബിലിറ്റി സെൻററുകളുടെ (ജിസിസി) വരവും വ്യാപകമായതോടെയാണ് നഗരങ്ങളിൽ മാനേജ്ഡ് വർക്ക് സ്പേസുകൾക്കായുള്ള അന്വേഷണങ്ങൾ ഊർജിതമായത്. വർക്ക് സ്പേസ് സ്വന്തമായി കണ്ടെത്തുന്നതും അതിനുള്ള ദീർഘകാല പാട്ടക്കരാറുകളും ഉയർന്ന മൂലധനച്ചെലവും ഒഴിവാക്കുന്നതിനാണ് മാനേജ്ഡ് ഓഫീസുകളിലേക്കു കമ്പനികൾ മാറുന്നത്.

തങ്ങൾക്ക് ആവശ്യമുള്ള കാലഘട്ടത്തിലേക്കു മതിയായ സൗകര്യങ്ങളോടെ ഓഫീസ് ലഭിക്കുന്നുവെന്നത് കമ്പനികളെ ആകർഷിക്കുന്നതാണ്. പ്രവർത്തനച്ചെലവും കുറയ്ക്കാം. കൊച്ചിയിലുൾപ്പടെ ജിസിസികൾ, ഐടി സ്ഥാപനങ്ങൾ, സ്റ്റാർട്ടപ്പുകൾ, എൻറർപ്രൈസുകൾ എന്നിവയിൽനിന്ന് മാനേജ്ഡ് വർക്ക്സ്പേസുകൾക്ക് ആവശ്യക്കാർ കൂടുന്നുണ്ട്.




# വേറിട്ട രുചിക്കൂട്ടുകളെ ആഘോഷിച്ച് ബ്രിട്ടാനിയ 50 50 ചീസ് ഡിപ്ഡ്

**തിരുവനന്തപുരം:** ഓണാഘോഷത്തിൻറെ ഭാഗമായി സദ്യയിലെ വ്യത്യസ്ത രുചികളും ഭക്ഷണഘടനകളും തമ്മിലുള്ള വൈവിധ്യത്തെ അടിസ്ഥാനമാക്കി ബ്രിട്ടാനിയ 50 50 ചീസ് ഡിപ്ഡ് അവതരിപ്പിച്ചു.

പപ്പടം, വാഴക്കായ ചിപ്സ് തുടങ്ങിയവയുടെ ക്രഞ്ചിനെസും പായസം, പരിപ്പ് തുടങ്ങിയവയുടെ മൃദുത്വവും ഒരേ സദ്യയിൽ ഒന്നിക്കുന്നതിനെ 50 50 ചീസ് ഡിപ്ഡിലെ ക്രഞ്ചിയായ ബിസ്കറ്റും മൃദുവായ ചീസ് ഡിപ്പും തമ്മിലുള്ള സംയോജനവുമായി ബന്ധപ്പെടുത്തിയാണ് ആശയം അവതരിപ്പിച്ചത്. 50 ശതമാനം ക്രഞ്ചിയും 50 ശതമാനം മെൽറ്റിയും ചേർന്നതാണ് ബിസ്കറ്റിന്റെ നിർമാണം.



# ഇന്ത്യകുവൈത്ത് സംയുക്ത പ്രതിരോധ സമിതി ആദ്യ യോഗം ന്യൂദൽഹിയിൽ ചേർന്നു

**ന്യൂദൽഹി:** ഇന്ത്യകുവൈത്ത് സംയുക്ത പ്രതിരോധ സമിതിയുടെ (JDC) ആദ്യ യോഗം ഓഗസ്റ്റ് 28ന് ന്യൂഡൽഹിയിൽ നടന്നു. 2024 ഡിസംബറിൽ ഒപ്പുവെച്ച പ്രതിരോധ സഹകരണ ധാരണാപത്രം നടപ്പാക്കുന്നതിലെ സുപ്രധാന ചുവടുവയ്പ്പാണ് യോഗം. സംയുക്ത സൈനികാഭ്യാസങ്ങൾ, പരിശീലന പരിപാടികൾ, പ്രതിരോധ ഉൽപ്പാദനം, ഗവേഷണവികസനം, സൈനിക മെഡിസിൻ, സേനാതല ചർച്ചകൾ തുടങ്ങിയ മേഖലകളിൽ സഹകരണം വിപുലീകരിക്കാൻ ഇരു രാജ്യങ്ങളും തീരുമാനിച്ചു. ജോയിന്റ് സെക്രട്ടറി അമിതാഭ് പ്രസാദും കുവൈത്ത് ബ്രിഗേഡിയർ ജനറൽ റയേദ് അൽസാക്രാനും യോഗത്തിന് നേതൃത്വം നൽകി.

കുവൈത്ത് പ്രതിനിധി സംഘം ന്യൂഡൽഹിയിലെ നാഷണൽ വാർ മെമ്മോറിയലിൽ പുഷ്പചക്രം അർപ്പിക്കുകയും ഇന്ത്യൻ പ്രതിരോധ വ്യവസായ പ്രതിനിധികളുമായി സഹകരണ സാധ്യതകൾ ചർച്ച ചെയ്യുകയും ചെയ്തു. 1962ൽ ആരംഭിച്ച ഇന്ത്യകുവൈത്ത് നയതന്ത്ര ബന്ധം 2024ൽ തന്ത്രപ്രധാന പങ്കാളിത്തമായി ഉയർത്തിയതിന്റെ തുടർച്ചയായി പ്രതിരോധസുരക്ഷാ സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമാണ് യോഗം.

# ഇൻമെക്ക് ഒമാനിലേക്ക് ബിസിനസ് ഡെലിഗേഷൻ സംഘടിപ്പിക്കുന്നു

**കൊച്ചി:** കേരളത്തിലെ നിക്ഷേപകർക്കും വ്യവസായികൾക്കും കയറ്റുമതിക്കാർക്കും പുതിയ ബിസിനസ് അവസരങ്ങൾ കണ്ടെത്തുന്നതിനായി ഇൻഡോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്) ഒമാനിലേക്കു പ്രത്യേക ബിസിനസ് ഡെലിഗേഷൻ സംഘടിപ്പിക്കുന്നു. സെപ്റ്റംബർ ഒമ്പത്, 10 തീയതികളിൽ ഒമാനിൽ നടക്കുന്ന ഒമാൻഇന്ത്യ ബിസിനസ് ഫോറം, ഒമാൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ടി (ഒസിസിഐ) യുടെ നേതൃത്വത്തിൽ ഇൻമെക്ക് ഒമാൻ ചാപ്റ്ററിന്റെ സഹകരണത്തോടെയാണു സംഘടിപ്പിക്കുന്നത്.

സിഇപിഎയുടെ ഭാഗമായി വ്യാപാരം, നിക്ഷേപം, ജോയിൻറ് വെഞ്ചേഴ്സ്, മാനുഫാക്ചറിംഗ്, ലോജിസ്റ്റിക്സ്, ഫ്രീ സോൺസ്, ഫുഡ് പ്രോസസിംഗ്, മൈനിംഗ്, റിന്യൂവബിൾ എനർജി, ഐസിടി, ടൂറിസം, ഹെൽത്ത് കെയർ തുടങ്ങിയ മേഖലകളിലെ അവസരങ്ങൾ മനസിലാക്കാനും ഒമാനി ബിസിനസ് സ്ഥാപനങ്ങളുമായി നേരിട്ടു ബന്ധപ്പെടാനും ബി2 ബി മീറ്റിംഗ്, നെറ്റ്വർക്കിംഗ് സെഷൻസ്, ഇൻഡസ്ട്രിയൽ വിസിറ്റ്സ് എന്നിവയിൽ പങ്കെടുക്കാനും ഡെലിഗേഷൻ അവസരമൊരുക്കും.താത്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക: +91 96453 73417, +91 90482 22417.